# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 11, തിങ്കൾ

**നമ്പർ 192**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

നടപ്പ് സാമ്പത്തികവർഷത്തെ പദ്ധതിവിഹിതം വീണ്ടും വെട്ടിക്കുറക്കുന്നതുമൂലം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസനപദ്ധതികൾ സ്തംഭിക്കാനിടയാകുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. സി. ജോസഫും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കേണ്ടതിന്റെയും അവർക്കായുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. സി. കെ. ശശീന്ദ്രൻ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ പൊതുമേഖല/സാംസ്കാരിക/സഹകരണസ്ഥാപനങ്ങളിലെയും ക്ഷേമനിധികളിലെയും ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനും നിയമനത്തിനായി പ്രത്യേക ചട്ടങ്ങൾ ഇനിയും രൂപീകരിച്ചിട്ടില്ലാത്ത

KNPP. 1477/2019(i).

സ്ഥാപനങ്ങളിൽ അവ അടിയന്തരമായി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ടി. ബൽറാം | മേഴത്തൂർ കോടനാടിലെ ടാർ മിക്സിംഗ് പ്ലാന്റ് | മുഖ്യമന്ത്രി |
| 2 | ശ്രീ. രമേശ് ചെന്നിത്തല | ആലപ്പുഴ നഗരത്തിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവണ്മെന്റ് കോളേജ് ഗ്രൗണ്ട് നിർമ്മാണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ബിരുദ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ബി. സത്യൻ | ചാത്തമ്പാറ-പറങ്കിമാംവിള-മണമ്പൂർ-കടുവയിൽ പള്ളി റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | അരീക്കോട്, സീതിഹാജി പാലങ്ങളുടെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. ടി. ജെ. വിനോദ് | വട്ടുതല റെയിൽവേ ഓവർ ബ്രിഡ്ജ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ദേശീയ കുടുംബക്ഷേമ പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 9 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി പുനർനിർമ്മാണ പാക്കേജ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 10 | ശ്രീ. മാണി. സി.കാപ്പൻ | സിനിമ ടിക്കറ്റിലെ എന്റർടെയിൻമെന്റ് ടാക്സ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണകാര്യം</u> :

I. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(1) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. എ. പി. അനിൽ കുമാർ സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി വീണാ ജോർജ്ജും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. വി. ഇബ്രാഹിമും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു. അതിനുശേഷം ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ പാസ്സാക്കുകയും ചെയ്തു.

(2) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീമതി യു. പ്രതിഭയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. മഞ്ഞളാംകുഴി അലിയും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതി സഭ തള്ളുകയും ചെയ്തു. അതിനുശേഷം ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ പാസ്സാക്കുകയും ചെയ്തു:

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം (v)-ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കു പകരം "വനിത ശിശു വികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്

## II. <u>2019-ലെ കേരള ധനവിനിയോഗ (4 - ാം നമ്പർ ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2019-ലെ കേരള ധനവിനിയോഗ (4- ാം നമ്പർ ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. പി. സി. ജോർജ്

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും മറുപടി പറഞ്ഞു. തുടർന്ന് 2019-ലെ കേരള ധനവിനിയോഗ (4- ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കുകയും സഭ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

2019 നവംബർ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 5.09-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, November 11, 2019.*

**No. 192**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion :*

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri K. C. Joseph and three other Members regarding the deadlock created in the implementation of projects of Local Self Governments due to the alleged move to reduce the Plan Fund.

(In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.)

*Calling Attention :*

(1) Shri C. K. Saseendran called the attention of the Minister for Labour and Excise to the necessity to revise the wages of plantation workers in the State and to strengthen their special housing scheme. The Minister made a statement thereto.

(2) Prof. Abid Hussain Thangal called the attention of the Chief Minister to the necessity to take steps to entrust the appointments of employees in Public Sector/Cultural/Co-operative institutions and Welfare Funds in the State to the PSC and to formulate the pending Special Rules for appointments urgently. The Chief Minister made a statement thereto.

KNPP. 1477/2019(ii).

*The Matters under Rule 304 :*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ടി. ബൽറാം | മേഴത്തൂർ കോടനാടിലെ ടാർ മിക്സിംഗ് പ്ലാന്റ് | മുഖ്യമന്ത്രി |
| 2 | ശ്രീ. രമേശ് ചെന്നിത്തല | ആലപ്പുഴ നഗരത്തിലെ കുടിവെള്ള ക്ഷാമം | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് നിർമ്മാണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ബിരുദ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷൻ | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ബി. സത്യൻ | ചാത്തമ്പാറ-പറങ്കിമാംവിള-മണമ്പൂർ-കട്ടുവയിൽ പള്ളി റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | അരീക്കോട്, സീതിഹാജി പാലങ്ങളുടെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. ടി. ജെ. വിനോദ് | വടുതല റെയിൽവേ ഓവർ ബ്രിഡ്ജ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | ദേശീയ കുടുംബക്ഷേമ പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 9 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കി പുനർനിർമ്മാണ പാക്കേജ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 10 | ശ്രീ. മാണി. സി. കാപ്പൻ | സിനിമ ടിക്കറ്റിലെ എന്റർടെയിൻമെന്റ് ടാക്സ് | ധനകാര്യവും കയറും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Legislative Business :*

I. Motion for consideration and further stages of the following Bills as reported by the Subject Committee

(1) Shri K. Raju, Minister for Forests, Animal Husbandry and Zoos moved the motion that The Kerala Veterinary and Animal Sciences University Bill, 2019 as reported by the Subject Committee be taken up for consideration.

Shri A. P. Anil Kumar who recorded his notes of dissent to the Subject Committee Report spoke. Smt. Veena George moved an amendment to circulate the Bill for obtaining public opinion and spoke. Shri T. V. Ibrahim moved another amendment to recommit the Bill to the same Subject Committee and spoke.

After the reply of the Minister the amendment moved by Smt. Veena George was withdrawn by the leave of the House and the amendment moved by Shri T. V. Ibrahim was declared lost. Then the motion was adopted and the Bill was taken into consideration and passed by the House without amendment.

(2) Smt. K. K. Shailaja Teacher, Minister for Health, Social justice and Woman and Child Development moved the motion that The Anganawadi Workers' and Anganawadi Helpers' Welfare Fund (Amendment) Bill, 2019 as reported by the Subject Committee be taken up for consideration.

Prof. Abid Hussain Thangal who recorded his notes of dissent to the Subject Committee Report spoke. Smt. U. Prathibha as authorised by Shri Antony John moved an amendment to circulate the Bill for obtaining public opinion and spoke. Shri.Manjalamkuzhi Ali moved another amendment to recommit the Bill to the same Subject Committee and spoke.

After the reply of the Minister the amendment moved by Smt. U. Prathibha was withdrawn by the leave of the House and the amendment moved by Shri Manjalamkuzhi Ali was declared lost. Then the motion was adopted and the Bill was taken up for clause by clause consideration and passed with the following amendment:

*Clause 2*

ഖണ്ഡം (v)-ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക പകരം "വനിത ശിശു വികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

II. Introduction and Further stages of the Kerala Appropriation (No. 4) Bill, 2019

Dr. T. M. Thomas Isaac, Minister for Finance and Coir introduced The Kerala Appropriation (No. 4) Bill, 2019 and moved that the Bill be taken up for consideration.

The following Members took part in the discussion:

Shri A. PradeepKumar

" Shri E. K. Vijayan

" Shri Manjalamkuzhi Ali

" Shri Mathew T. Thomas

" Mons Joseph

" K. U. Jenish Kumar

" P. C. George

" A. N. Shamseer

" Thiruvanchoor Radhakrishnan

Shri Pinarayi Vijayan, Chief Minister and DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion. Then the Kerala Appropriation (No. 4) Bill, 2019 was taken up for consideration, put to vote and passed.

The House adjourned at 5.09 p.m. to meet again at 9.00 a.m. on Tuesday, November 12, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*